**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3052 — 18.06.2019-ൽ മറുപടിയ്ക്ക്

**റവന്യൂ വകുപ്പിന്റെ ആവശ്യത്തിലേക്കായി വാഹനങ്ങൾ**

| ചോദ്യം : | | മറുപടി : | |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | 2018-19 സാമ്പത്തിക വർഷം റവന്യൂ വകുപ്പിന്റെ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങൾ വാങ്ങാനുള്ള അനുമതിയാണ് ആവശ്യപ്പെട്ടിരുന്നതെന്നും അതിൽ എത്ര വാഹനങ്ങൾ റവന്യൂ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ ; | (എ) | 12 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി തേടിയിരുന്നു.<br>9 വാഹനങ്ങൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് (ആർ.ടി) 2926/2018/റവന്യൂ പ്രകാരം എത്ര വാഹനങ്ങളാണ് വകുപ്പ് വാങ്ങിയതെന്ന് വിശദമാക്കാമോ ; | (ബി) | ടി ഉത്തരവ് പ്രകാരം 8 വാഹനങ്ങൾ വാങ്ങാൻ ഉത്തരവായതിൽ 6 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.<br>2 വാഹനങ്ങൾ കൂടി വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വാഹനം വാങ്ങുന്നതിനായി 2053-093-99-21-1 എന്ന ശീർഷകത്തിൽ എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; | (സി) | സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 285/2019/ഫിൻ തീയതി 14.01.2019 പ്രകാരം 2053-093-99-21-1 എന്ന ശീർഷകത്തിലേയ്ക്ക് 90,00,000/- രൂപ (തൊണ്ണൂറ് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നു. |
| (ഡി) | പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഏത് ശീർഷകത്തിൽ നിന്നാണ് വാഹനം വാങ്ങുന്നതിന് ഫണ്ട് ലഭ്യമാക്കിയത് എന്നറിയിക്കാമോ ; വിശദാംശം നൽകുമോ ? | (ഡി) | തുക പര്യാപ്തമായിരുന്നു. |

**സെക്ഷൻ ഓഫീസർ**